# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 4556.

28..6..2013-ൽ മറുപടിക്ക്

## അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പാലിന്റെ ഗുണമേന്മ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു. എം. പാലിശ്ശേരി: | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഒരു ദിവസം ശരാശരി എത്ര ലിറ്റർ പാൽ ആണ് ആവശ്യമുള്ളത്; | (എ) സംസ്ഥാനത്ത് ഒരു ദിവസം ശരാശരി 85 ലക്ഷം ലിറ്റർ പാൽ ആണ് ആവശ്യമുള്ളത്. |
| (ബി) ദിനംപ്രതി എത്ര ലിറ്റർ പാലാണ് ആഭ്യന്തര ഉല്പാദനം വഴി ലഭിക്കുന്നത്; | (ബി) ദിനംപ്രതി 82 ലക്ഷം മുതൽ 83 ലക്ഷം ലിറ്റർ വരെ പാലാണ് ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നത്. |
| (സി) ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന പാലിനു പുറമെ കൂടുതലായി ആവശ്യമുള്ള പാൽ ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നാണ് എത്തുന്നത്; | (സി) തമിഴ്നാട്, കർണ്ണാടക തുടങ്ങിയ അയൽ സംസ്ഥാനങ്ങളിൽ നിന്നുമാണ് കേരള ത്തിന് അധികമായി ആവശ്യമുള്ള പാൽ എത്തുന്നത്. |
| (ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിച്ച് ഉറപ്പുവരുത്താൻ എന്തൊക്കെ സംവിധാനമാണ് നിലവിലുള്ളത്; | (ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുവാൻ ക്ഷീരവികസന വകുപ്പിൻ കീഴിൽ സ്ഥിരം സംവിധാനമില്ല. എന്നാൽ, ഓണക്കാലത്ത് ക്ഷീരവികസന വകുപ്പ് ചെക്ക് പോസ്റ്റുകളിൽ താല്ക്കാലിക ലാബ് സ്ഥാപിച്ച് പരിശോധന നടത്തിവരുന്നു. ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് 2006 നിലവിൽ വന്നതോടു കൂടി പാലിന്റെ ഗുണനിലവാര പരിശോധന ഉൾപ്പെടെയുള്ള നടപടികൾ ഫുഡ് സേഫ്റ്റി കമ്മിഷണറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. അതിൻപ്രകാരം അന്യ സംസ്ഥാനത്ത് നിന്നെത്തുന്ന പാലിന്റെ സാമ്പിളുകൾ ഫുഡ് സേഫ്റ്റി ഓഫീസർമാർ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. |
| (ഇ) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ഏതൊക്കെ പേരുകളിലുള്ള പാലുകളാണ് ഗുണമേന്മയില്ലാത്തതായി കണ്ടെത്തിയിട്ടുള്ളത്; ഇവയ്ക്കെതിരെ സ്വീകരിച്ച നടപടി എന്തൊക്കെയാണ്; വിശദാംശം നൽകുമോ? | (ഇ) ഹെറിറ്റേജ് പത്മനാഭ, മെയ്യ, ജേഷ്ഠ, കെ.സി.എ., ലയ എന്നീ പാൽ ബ്രാന്റുകൾ നിശ്ചിത ഗുണനിലവാരം പുലർത്തുന്നില്ല എന്ന് കണ്ടെത്തിയ സാഹചര്യത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.